ॐ



**അഞ്ചാം സ്കന്ദം ആരംഭം**

**ന തസ്യ കശ്ചിത്തപസാ വിദ്യയാ വാ നയോഗവീര്യേണ മനീഷയാ വാ**
**നൈവാർത്ഥധർമ്മൈ: പരത: സ്വതോവാ കൃതം വിഹന്തും തനുഭൃദ്വിഭൂയാത് (5–1–12)**

ശുകമുനി പറഞ്ഞു: രാജൻ, ഭഗവൽപദകമലങ്ങളുടെ അമൃതത്വം അനുഭവിച്ച ഒരുവൻ അവയെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ചിലപ്പോൾ അവരുടെ ഭക്തിസാധന തടസ്സപ്പെട്ടുവെന്നിരിക്കുമെങ്കിലും അവർ ആ പദകമലങ്ങളിലേക്ക് തിരിച്ചുവരിക തന്നെ ചെയ്യും. സ്വയംഭുവമനുവിൻെറ പുത്രനായ പ്രിയവ്രതൻ നാരദനിൽനിന്നും, ഭഗവൽപ്പാദങ്ങളിൽ സമർപ്പിക്കേണ്ട ഭക്തഹൃദയത്തെപ്പറ്റി കേട്ടറിഞ്ഞിട്ട് ലൗകീകജീവിതം അവസാനിപ്പിക്കാൻ തുനിഞ്ഞു. ആ സമയം സൃഷ്ടാവ് മുനിമാരോടും ദേവതകളോടും കൂടി അവിടെ പ്രത്യക്ഷപ്പെട്ട് രാജകുമാരനെ ഉപദേശിച്ചു. പ്രിയവ്രതൻ സൃഷ്ടാവിനേയും മാമുനിമാരേയും സ്വാഗതം ചെയ്തു പൂജിച്ചു.

പിന്നീട് ബ്രഹ്മാവു പറഞ്ഞു: “മകനേ, ഞങ്ങൾ ദേവന്മാർ പോലും ത്രിഗുണങ്ങളാലും ദേവലോകങ്ങളാലും ബന്ധിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ആ നിന്തിരുവടിയുടെ ആജ്ഞാനുവർത്തികളായി അവിടത്തെ പരിപൂർണ്ണ നിയന്ത്രണത്തിലത്രേ ഞങ്ങൾ കഴിയുന്നത്.” ഭഗവേച്ഛ മാറ്റുവാൻ ഒരു ജീവിക്കും സാദ്ധ്യമല്ല തന്നെ. തപസ്സുകൊണ്ടോ ജ്ഞാനയോഗത്തിലൂടേയൊ യോഗശക്തിയിലൂടേയോ ബുദ്ധിശക്തിയിലൂടേയൊ സ്വന്തം കർമ്മശക്തിയിലൂടേയോ മറ്റുള്ളവരുടെ സഹായത്തോടെയോ ഇതു സാദ്ധ്യമല്ല. സ്വതന്ത്രനായ ആത്മാവ്പോലും ശരീരത്തിൽനിന്നു വിട്ടുവെങ്കിലും കർമ്മബന്ധത്തിൻെറ ശക്തിമൂലം ഇഹലോകത്തിൽ വാസം തുടരുന്നു. കർമ്മഫലത്തിൻെറ പ്രഭാവം തീരുന്നതുവരെ ഇതു തുടരും. ഒരുവൻ വനവാസം നയിച്ചാലും സ്വയം ഇന്ദ്രിയനിഗ്രഹം നടത്തിയവനല്ലെങ്കിൽ ജനനമരണചക്രങ്ങളിൽനിന്ന് അവന് മോചനമില്ല. എന്നാൽ ഒരുവൻെറ മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രണാധീനമെങ്കിൽ അവൻ ഗൃഹസ്ഥാശ്രമിയെങ്കിലും അവനെ ലൗകീകജീവിതം ബന്ധനത്തിലാഴ്ത്തുന്നില്ല. നീ സ്വയം ഇന്ദ്രിയസംയമനം നേടിയവനാകയാൽ ഈ ഭൂഗോളം ഭരിക്കാൻ ഏറ്റവും യോഗ്യനത്രെ. സൃഷ്ടാവ് ഇത്രയും പറഞ്ഞ് അപ്രത്യക്ഷനായി. പ്രിയവ്രതനെ ഭൂമിയുടെ ചുമതല ഏൽപ്പിച്ച് മനു വനവാസത്തിന് പോയി. പ്രിയവ്രതൻ ബർഹിസ്മതി (വിശ്വകർമ്മൻെറ പുത്രി)യെ വിവാഹം ചെയ്തു. അവർക്ക് പത്ത് പുത്രന്മാർ. അഗ്നിയുടെ പര്യായങ്ങളായ നാമധേയങ്ങൾ കൊണ്ട് അവർ അറിയപ്പെട്ടു. ഒരു പുത്രിയും അവർക്കുണ്ടായിരുന്നു. പുത്രന്മാരിൽ കവി, മഹാവീരൻ, സാവനൻ എന്നിവർ നിത്യബ്രഹ്മചര്യം സ്വീകരിച്ച് ആത്മസാക്ഷാൽക്കാരമാർഗ്ഗം തേടി. ഉത്തമൻ, താമസൻ, രൈവതൻ, എന്നീ പുത്രന്മാർ പിന്നീട് ഭൂമിയെ ഒരു യുഗത്തോളം ഭരിച്ചു. പ്രിയവ്രതൻ, രാജാവും ചക്രവർത്തിയുമായി വാണ് ലക്ഷ്യബോധം തന്നെ നഷ്ടപ്പെട്ടതുപോലെ ലൗകീക ജീവിതത്തിൽ മുഴുകിക്കഴിഞ്ഞു. സൂര്യൻ ഭൂഗോളത്തിൻെറ ഒരു പകുതി മാത്രമേ ഒരു സമയം പ്രകാശിപ്പിക്കുന്നുള്ളൂ എന്നു കണ്ട് മറ്റേ പകുതിയേയും പ്രകാശിപ്പിക്കാൻ പ്രിയവ്രതൻ തീരുമാനിച്ചു. ഭൂമിയുടെ ഇരുണ്ട പകുതിക്കു മുകളിലൂടെ പ്രഭാപൂർണ്ണമായ ഒരു ആകാശവാഹനത്തിൽ (ഉപഗ്രഹത്തിൽ) സഞ്ചരിച്ച് അദ്ദേഹം ഇരുട്ടില്ലാതാക്കി. ഭൂമിക്കു മുകളിലൂടെ ഏഴുതവണ ചുറ്റിയാണ് അദ്ദേഹമിതു സാധിച്ചത്. ഈ കാലത്ത് ഭൂമി ഏഴു ഭൂഖണ്ഡങ്ങളായി തിരിച്ച് തൻെറ പുത്രന്മാർക്ക് അധികാരവും നൽകി. താമസിയാതെ തനിക്കു നഷ്ടപ്രായമായ വിജ്ഞാനത്തിൻെറ ഉണർവ് അദ്ദേഹത്തിലുണ്ടായി. അങ്ങിനെ ഗൃഹസ്ഥാശ്രമജീവിതമുപേക്ഷിച്ച് ഭഗവൽസ്മരണയിൽ മുഴുകി അദ്ദേഹം ജീവിച്ചു. പ്രിയവ്രതൻെറ മഹിമയെപ്പറ്റിയുള്ള സ്തുതി ഇതാണ്. “ഭഗവാൻെറ അനുഗ്രഹമില്ലാതെ പ്രിയവ്രതൻ നേടിയതെല്ലാം ഒരുവന് എങ്ങിനെയാണ് നേടാനാവുക ? അദ്ദേഹം ഭൂഗോളത്തിൻെറ ഇരുട്ട് നീക്കാൻ യത്നിക്കുകയും ഭൂമിയെ ഏഴു ഭൂഖണ്ഡങ്ങളാക്കി തിരിക്കുകയും ചെയ്തു. ഭരണസൗകര്യാർത്ഥമാണ് ഭൂമിയെ ഏഴായി തിരിച്ച് പുത്രന്മാരെ ഏൽപ്പിച്ചത്. അവസാനം ത്രിലോകസുഖങ്ങളെല്ലാം ഉപേക്ഷിച്ച് ഭഗവൽഭക്തന്മാർക്ക് സേവനം നൽകി അദ്ദേഹം ജീവിച്ചു.”

(ഏഴു ഭൂഖണ്ഡങ്ങളെ ആകാശത്തിലെ ഏഴു ഭ്രമണപഥങ്ങളായും കണക്കാക്കാം. ഭൂഖണ്ഡങ്ങളെ തിരിക്കുന്ന സമുദ്രങ്ങളുണ്ടായത് ആകാശത്തു നിന്നും പൊട്ടിവീണ ഉപഗ്രഹങ്ങൾ (ഉൽക്കകൾ) കൊണ്ടാണെന്നുള്ളതും സ്മരണീയമാണ്)